**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4165** — **28-06-2024 - ൽ മറുപടിയ്ക്ക്**

**അളവുതൂക്ക നിയമലംഘനം തടയുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | 2021 മുതൽ നാളിതുവരെ അളവുതൂക്ക നിയമ ലംഘനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പരിശോധനകളുടെ വിശദാംശം ലഭ്യമാക്കാമോ; എത്ര പരിശോധനകൾ നടത്തിയെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്നും എത്ര തുക പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കാമോ; | (എ) | (പട്ടിക താഴെ) |
| (ബി) | അളവുതൂക്ക തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | ലീഗൽ മെട്രോളജി നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിവരുന്നു. അതോടൊപ്പം പൊതുജനങ്ങൾക്ക് ഉപഭോക്തൃ നിയമലംഘനം സംബന്ധിച്ച പരാതികൾ വകുപ്പ് അധ്യക്ഷന്റെ ഔദ്യോഗിക ഇ-മെയിൽ, കംപ്ലയിന്റ് സെൽ, ഫെയ്സ് ബുക്ക്, സുതാര്യം മൊബൈൽ ആപ്പ് എന്നിവ വഴിയും തപാൽ മുഖേനയും അറിയിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. താലൂക്ക് തലത്തിൽ ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് കൺട്രോളർമാർ എന്നിവരും, ജില്ലാ തലത്തിൽ ഡെപ്യൂട്ടി കൺട്രോളർമാരും പരിശോധന നടത്തി നടപടി സ്വീകരി ക്കുന്നു. ടി ഓഫീസുകളിലും പരാതികൾ അറിയിക്കാവുന്നതാണ്. സാധാരണ മിന്നൽ പരിശോധനകൾക്കു പുറമേ പരാതികൾ ലഭിക്കുമ്പോഴും വിശേഷാവസരങ്ങളിലും (ഓണം, ക്രിസ്തുമസ്, റംസാൻ) നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നു. പ്രത്യേക വ്യാപാര മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകളും നടത്തിവരുന്നു. |

(എ)

| വർഷം | പരിശോധനകൾ (എണ്ണം) | കേസുകൾ (എണ്ണം) | പിഴ (രൂപ) |
|---|---|---|---|
| 2021 | 27102 | 8628 | 3,23,52,500 |
| 2022 | 65999 | 32052 | 4,40,55,500 |
| 2023 | 65295 | 34365 | 8,21,86,500 |
| 2024 മെയ് വരെ | 19855 | 13610 | 3,93,45,000 |
| ആകെ | 178251 | 88655 | 19,79,39,500 |

സെക്ഷൻ ഓഫീസർ